ശ്രീ. സുജനപാൽ: J. B. I. C. പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ നേരത്തെ പറഞ്ഞു, അതിന്റെ എല്ലാ ക്ലിയറൻസും ഏകദേശം ആയിക്കഴിഞ്ഞു. ചിങ്ങമാസം 1-ാം തീയതി ചേർത്തലയിൽ അതിന്റെ സംസ്ഥാനതല ഇനാഗുറേഷൻ നടത്തുകയാണ്. Simultaneous ആയിട്ട് മറ്റു സ്ഥലങ്ങളിലും നടക്കും. മൂന്നു നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഒരു fast track arrangement ഉണ്ടാക്കുന്നുണ്ട്. അതിന്റെ ഡിസ്ക്ഷൻ ഇതിനകം തന്നെ ഉദ്യോഗസ്ഥന്മാരുമായി നടത്തിക്കഴിഞ്ഞു. അതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മാക്സിമം വേഗത്തിൽ ഈ സ്കീം നടപ്പിലാക്കി കേരളത്തിലെ ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

III. സബ്മിഷൻ

(1) കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. കെ. ദേവകുമാർ: സർ, കൊല്ലം മീറ്റർ കമ്പനിയിലെ പ്രശ്നവുമായി ബന്ധപ്പെട്ട് 27-6-2003-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും ഒരു ഉന്നതതല കോൺഫറൻസ് വിളിച്ചു ചേർക്കുകയും ആ കോൺഫറൻസിൽ നാല് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ ആ തീരുമാനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും മേൽനടപടി സ്വീകരിച്ചതായി വ്യക്തമല്ല. മുമ്പ് കെ. എസ്. ഇ. ബി. എടുത്ത എഗ്രിമെന്റ് ആക്ടിവൈസ് ചെയ്തു കൊടുക്കുമെന്നായിരുന്നു ഒന്നാമതെടുത്ത തീരുമാനം. അതുപോലെതന്നെ, a decision regarding the price preference in the lowest price of electronic metre will be taken at the Government level, ഇത്തരത്തിൽ മൂന്നു നാല് എഗ്രിമെന്റ് ഉണ്ടാക്കി. ആ എഗ്രിമെന്റിനെ സംബന്ധിച്ചിടത്തോളം ഇതുവരെ യാതൊരു മേൽ നടപടികളും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട ബാബു ദിവാകരനും ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിയും വിളിച്ചുചേർത്ത് തയ്യാറാക്കിയ ആ എഗ്രിമെന്റിലെ തീരുമാനങ്ങൾ നടപ്പാക്കി മീറ്റർ കമ്പനിയെ രക്ഷിക്കുവാൻ അടിയന്തിരമായി തയ്യാറാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രധാനമായും ഇലക്ട്രിസിറ്റി ബോർഡ് ചെയ്യേണ്ട കാര്യങ്ങളാണ്. നമ്മുടെ കോൺഫറൻസിന്റെ തീരുമാനപ്രകാരം ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലെ വിഷയങ്ങൾ ടേക് അപ് ചെയ്യുന്നുണ്ട്. അവരുടെ പോളിസി സംബന്ധിച്ച പ്രശ്നങ്ങളുണ്ട്. എന്നിരുന്നാലും അത് നമ്മൾ ഫോളോ അപ് ചെയ്തു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly